യുമെന്നു പ്രതീക്ഷിക്കുന്നു. അലാസ്കയിൽ വൻതോതിൽ എണ്ണയും ഗ്യാസും കണ്ടെത്തിയതോടെ, അവിടത്തെ ഭൂവുടമകളായിരുന്ന എസ്കിമോകൾ പെട്ടെന്നു പണക്കാരായി. സാമ്പത്തികസ്വാതന്ത്ര്യം ഉപയോഗപ്പെടുത്തി രാഷ്ട്രീയസ്വാതന്ത്ര്യം നേടാമെന്ന് അവരും പ്രതീക്ഷിക്കുന്നുണ്ട്. കാനഡയിലെ എസ്കിമോകളുടെ സ്ഥിതിയാണു പരിതാപകരം. അവർ സാമ്പത്തികമായും രാഷ്ട്രീയമായും വളരെ പിൻനിലയിലാണ്. സൈബീരിയയിലെ എസ്കിമോകളാണെങ്കിൽ, എസ്കിമോ ജനതയുടെ മുഖ്യപ്രവാഹത്തിൽനിന്നു തികച്ചും ഒററപ്പെട്ടു കിടക്കുകയുംചെയ്യുന്നു.

ഉത്തരധ്രുവപ്രദേശത്ത് ഒരു ഏകീകൃത എസ്കിമോ ദേശീയരാഷ്ട്രം ഉദയംകൊള്ളുമോ?

യുദ്ധവിപത്ത് ഒഴിഞ്ഞുപോവുകയും, ജനതകൾ സൗഹാർദത്തോടെ സഹവർത്തിക്കുകയുംചെയ്യുമെങ്കിൽ എക്സിമോജനത ഏതാനും ദശാബ്ദങ്ങൾക്കകം ഐക്യവും രാഷ്ട്രീയസ്വാതന്ത്ര്യവും നേടിക്കൂടെന്നില്ല.

(16 സെപ്റ്റംബർ, 1983)

## 68. റോമകൾ

പഞ്ചാബ്, ഹരിയാന എന്ന രണ്ടു സംസ്ഥാനങ്ങളുടെ സംയുക്ത—തലസ്ഥാനമാണു ചണ്ഡീഗഢ്. ഇന്ത്യ—പാക്കിസ്ഥാൻ വിഭജനത്തെത്തുടർന്ന്, പാക്കിസ്ഥാനിൽ ചേർത്ത പടിഞ്ഞാറൻ പഞ്ചാബ് വിട്ട് ഓടിപ്പോന്ന വിസ്ഥാപിതരുടെ പുനരധിവാസത്തിനുവേണ്ടി, ജവാഹർലാൽ നെഹ്റുവിൻെറ നിർദേശപ്രകാരം, കോർബൂസിയേ എന്ന ഫ്രഞ്ച് ശില്പി നിർമിച്ച, തികച്ചും ആധുനികരീതിയിൽ ആസൂത്രിതമായ, ഈ നഗരം പഞ്ചാബിനു മാത്രമായി വിട്ടുകിട്ടണമെന്നതാണ് പഞ്ചാബിൽ അക്രമാസക്തമായി നടന്നുവരുന്ന അകാലിപ്രക്ഷോഭണത്തിൻെറ അടിസ്ഥാനാവശ്യങ്ങളിൽ ഒന്ന്.

ആഭ്യന്തരകലഹംകൊണ്ട് അസ്വസ്ഥമായ ചണ്ഡീഗഢിൽ സ്മരണീയമായ ഒരു അന്താരാഷ്ട്രീയ കലോത്സവം ഈയിടെ നടന്നു. ഒക്ടോബർ 29—ാം തീയതി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്തതും മൂന്നു ദിവസം നീണ്ടുനിന്നതുമായ അന്താരാഷ്ട്രീയ—റോമ—കലോത്സവമാണ് ഇവിടെ വിവക്ഷിതം.

'റോമകൾ' എന്ന പേർ ഇന്ത്യയിൽ പലർക്കും പരിചിതമായിരിക്കയില്ല. 'ജിപ്സികൾ' എന്ന പേരിലാണ് ഈ ജനവിഭാഗം അധികമായും അറിയപ്പെടുന്നത്. ഫ്രാൻസിൽ അവർ 'മാനുഷ്' എന്നും, സ്പെയിനിൽ 'ഗിട്ടാനോ' എന്നും, ജർമനിയിൽ 'സിന്തി' (സിന്ധ്, ഹിന്ദ്) എന്നും, റഷ്യയിൽ മുംത്തുനി (മുംത്താനി) എന്നും അറിയപ്പെടുന്നു. അവരുടെ മാതൃഭാഷ 'റോമനി' ആണ്. തങ്ങളെ 'റോമകൾ' എന്നു വിളിക്കാനാണ് അവർ ഇഷ്ടപ്പെടുന്നത്. നൂററാണ്ടുകൾക്കുമുമ്പ് നാടോടികളായി വന്നെത്തിയ ഇവരെ ഈജിപ്തുകാർ എന്നു തെററിദ്ധരിച്ച യൂറോപ്യന്മാർ ഇവർക്കു നൽകിയ പേരാണ് 'ജിപ്സികൾ' എന്നത്. യൂറോപ്പിലെ പല രാജ്യങ്ങളിലുമായി ഇപ്പോൾ ഒന്നര കോടിയോളം റോമകൾ പാർത്തുവരുന്നു. യഹൂദന്മാർക്കു പാലസ്തീനിൽ ഒരു ദേശീയരാഷ്ട്രം (ഇസ്രായേൽ) സ്ഥാപിക്കപ്പെട്ടതുപോലെ, തങ്ങൾക്ക് ഒരു ദേശീയരാഷ്ട്രം (റോമനി

സ്ഥാൻ) എവിടെയെങ്കിലും സ്ഥാപിച്ചു കിട്ടണമെന്ന ആവശ്യം അടുത്ത കാലത്തായി ഇവരിൽ ചിലർ ഉന്നയിച്ചുവരുന്നുണ്ട്.

ജിപ്സികളുടെ (അല്ലെങ്കിൽ റോമകളുടെ)പിതാമഹന്മാർ ഇന്ത്യയിൽ, പഞ്ചാബ്, സിന്ധ് പ്രദേശങ്ങളിൽ പാർത്തിരുന്ന രാജപുത്രരും ജാട്ടുകളുമായിരുന്നുവെന്നാണ് പൊതുവെ വിശ്വസിക്കപ്പെടുന്നത്. തുർക്കിയിൽ നിന്നും മദ്ധ്യേഷ്യയിൽനിന്നുമുള്ള മുസ്ലിം ആക്രമണം ഈ പ്രദേശങ്ങളിൽ ശക്തിപ്പെട്ടപ്പോൾ, ആയിരത്താണ്ടുകൾമുമ്പ്, വൻതോതിൽ അഭയാർത്ഥികൾ ഇവിടെനിന്ന് യൂറോപ്പിലേക്കും ആഫ്രിക്കയിലേക്കും പ്രവഹിച്ചു. ഗസ്നി മുഹമ്മദ് തടവുകാരായി പിടിച്ചുകൊണ്ടുപോയവരാണ് ജിപ്സികളുടെ കുലകൂടസ്ഥർ എന്ന വിശ്വാസവും നിലവിലുണ്ട്. വാസ്തവം ഏതായാലും, സ്വന്തം സംസ്കാരവും ഭാഷയും സംരക്ഷിച്ച്, നാടോടികളായി, നടന്ന ഈ ഗോത്രവർഗക്കാർ ക്രിസ്തുവർഷം പതിനഞ്ചാം നൂററാണ്ട് ആയപ്പോഴേക്കും യൂറോപ്പിലെങ്ങും വ്യാപിച്ചുകഴിഞ്ഞിരുന്നു. അയർലൻഡ്, ബ്രിട്ടൻ, ഹോളണ്ട്, ബൽജിയം, ജർമനി, ഫ്രാൻസ്, സ്വിററ്സർലൻഡ്, പോർട്ടുഗൽ, സ്പെയിൻ, ഇററലി, ഓസ്ട്രിയ, പോളണ്ട്, ചെക്കോസ്ലോവാക്യ, ഹംഗറി, യൂഗോസ്ലാവിയ, അൽബേനിയ, ഗ്രീസ്, ബൾഗേറിയ, റുമാനിയ, സോവ്യററ്യൂണിയൻ എന്നീ യൂറോപ്യൻ രാജ്യങ്ങളിലെല്ലാം ഇപ്പോൾ റോമകൾ പാർത്തുവരുന്നു. അമേരിക്കൻ ഐക്യനാടുകളിലും, കാനഡയിലും, തെക്കേ അമേരിക്കയിലെയും ആഫ്രിക്കയിലെയും പല രാജ്യങ്ങളിലും ഇവരുടെ ചെറു സംഘങ്ങളെ കാണാം. നാടോടിജീവിതം ഉപേക്ഷിച്ച് പല റോമകളും സ്ഥിരമായി വീടുവെച്ച് പാർപ്പു തുടങ്ങിയിരിക്കുന്നു. ഇരുമ്പുപണി, തോൽപ്പണി, കൊട്ടമെടയൽ, കുതിരക്കച്ചവടം, പാട്ട്, നൃത്തം, ജ്യോത്സ്യം മുതലായവയായിരുന്നു ഇവരുടെ പാരമ്പര്യത്തൊഴിലുകൾ, കള്ളസ്സു വൃത്തിയാക്കുക, അലഞ്ഞുനടക്കുന്ന നായ്ക്കളെ പിടിച്ചു കൊല്ലുക, ശവസംസ്കാരച്ചടങ്ങുകളിൽ സഹായിക്കുക മുതലായ 'നീച' പ്രവൃത്തികൾ ചെയ്യാനും അവർക്കു മടിയില്ലായിരുന്നു.

'മാന്യമല്ലാത്ത ഈമാതിരി തൊഴിലുകളിൽ ഏർപ്പെടുന്നതിനാൽ ജിപ്സികളെ പല യൂറോപ്യൻ ഭരണാധികാരികളും സ്വാഗതംചെയ്തു. അതേസമയം നാട്ടുകാർ അവരെ പുച്ഛിച്ചു; കള്ളന്മാരും തെണ്ടികളുമെന്ന മുദ്ര അവരുടെമേൽ സ്ഥിരമായി പതിഞ്ഞു. പലപ്പോഴും അവർ നിഷ്കരുണം വേട്ടയാടപ്പെട്ടു; പോലീസ് അവരെ നിരന്തരം ദ്രോഹിച്ചുവന്നു. ഹിററ്ലർ ജിപ്സി വർഗത്തെയാകെ സംഹരിക്കുന്നതിനു പദ്ധതിയുണ്ടാക്കി.

നൂററാണ്ടുകൾ നീണ്ടുനിന്ന ഈ സാമൂഹ്യമർദ്ദനത്തെ ജിപ്സികൾ അതിജീവിച്ചു എന്നതു് ചരിത്രത്തിലെ ഒരു അത്ഭുതമാണ്. മരങ്ങളെ പുഴക്കി വീഴ്ത്തുന്ന കാററിലും പുൽക്കൊടി മണ്ണിൽ വേരുറപ്പിച്ചു നിൽക്കുമല്ലോ. സ്വന്തം നിസ്സഹായതയും 'പാവത്ത'വുമായിരുന്നു ജിപ്സികളുടെ ബലം. 1497—ൽ ജർമനിയിൽനിന്നു ജിപ്സികളെയെല്ലാം നാടു കടത്തുന്ന നിയമം പ്രഖ്യാപിക്കപ്പെട്ടു. തുടർന്ന് സ്പെയിൻ, ഫ്രാൻസ്, ഇംഗ്ലണ്ട്, ഡെൻമാർക്ക്, മൊറാവിയ, സ്കോട്ലൻഡ്, പോളണ്ട് എന്നീ രാജ്യങ്ങളും ഇമ്മാതിരി നിയമങ്ങൾ പാസാക്കി. പതിനെട്ടാം ശതകാവസാനത്തിൽ സ്പെയിൻ ഒട്ടേറെ ജിപ്സികളെ കപ്പലുകളിൽ ബലാൽക്കാരമായി കയററി അമേരിക്കയിലേക്കും ആഫ്രിക്കയിലേക്കും അയച്ചു. ഇംഗ്ലണ്ടിലെ ജിപ്സികളെ 1864—ാമാണ്ടിൽ പിടികൂടി ഓസ്ട്രേലിയയിലെ കുററവാളികളുടെ കോളനികളിൽ കുടിയിരുത്തി.

എന്നിട്ടും ജിപ്സികൾ യൂറോപ്പിലാകെ അലഞ്ഞുനടക്കുകയും, ഗ്രാമച്ചന്തകളിൽ പാട്ടു പാടിയും നൃത്തംചെയ്തും സർക്കസ്സു കാണിച്ചും

ജനങ്ങളെ വിനോദിപ്പിക്കുകയും ചെയ്തുവന്നു. പലരും നാടോടിജീവിതം വിട്ട് അതാതിടത്ത് സ്ഥിരമായി പാർത്ത് കാർഷികപ്രവർത്തനങ്ങളിലും ദാസ്യവൃത്തിയിലും ഏർപ്പെട്ടു. ചിലർ ഇസ്ലാമിലും വേറെ ചിലർ റോമൻകത്തോലിക്കമതത്തിലും മററു ചിലർ പെന്തക്കോസ്റ്റ് പള്ളിയിലും അഭയം തേടി. പക്ഷേ, അപ്പോഴും അവർ സ്വന്തം ഭാഷയോടും സംസ്കാരത്തോടും വിശ്വാസങ്ങളോടും കൂറു പുലർത്തി. ഇസ്ലാമും ക്രിസ്തുമതവും അവരുടെ തൊലിപ്പുറത്തു പുരണ്ടതേ ഉള്ളൂ. മുസ്ലിങ്ങളും ക്രിസ്ത്യാനികളുമായതിനുശേഷവും റോമകൾ പിതൃക്കളെയും പ്രകൃതിശക്തികളെയും പൂജിക്കുകയും ജ്യോത്സ്യത്തിൽ വിശ്വസിക്കുകയും, കാരണവന്മാർക്കു സർവാധികാരമുള്ള ഗോത്രഘടന നിലനിർത്തുകയും സാമൂഹ്യജീവിതത്തിൽ സ്വന്തം ഗോത്രനിയമങ്ങൾ പുലർത്തുകയുംചെയ്തുവന്നു. എല്ലാററിലും വലിയ കാര്യം, വ്യത്യസ്ത രാജ്യങ്ങളിൽ, വിഭിന്ന സാഹചര്യങ്ങളിൽ, ജീവിക്കുമ്പോഴും തങ്ങൾ ഒരൊററ ജനതയാണെന്നും ഒരേ പൈതൃകത്തിന് അവകാശികളാണെന്നും അവർ വിശ്വസിച്ചുവന്നു എന്നതാണ്. രണ്ടു പതിററാണ്ടു മുമ്പ്, സ്വന്തം അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി അവർ സംഘടിച്ചു തുടങ്ങി. പല രാജ്യങ്ങളിലും അവർ റോമനി യൂണിയനുകൾ ഉണ്ടാക്കി. 'റോമനിസ്ഥാൻ' അന്താരാഷ്ട്രീയ ജിപ്സി സംഘടനയാണ്. 'വേൾഡ് ജിപ്സി കമ്യൂണിററി' ആണ് അവരുടെ മറെറാരു അന്താരാഷ്ട്രീയസംഘടന. ഈ സംഘടനകളുടെ ആഭിമുഖ്യത്തിൽ, ഇംഗ്ലണ്ടിലെ ഓർപിങ്ടൺ എന്ന സ്ഥലത്ത്, ഒന്നാമത്തെ അന്താരാഷ്ട്രീയ ജിപ്സി കോൺഗ്രസ് 1972—ാമാണ്ടിൽ നടന്നു. ലോകത്തിലെ മിക്ക രാജ്യങ്ങളിൽനിന്നുമുള്ള ജിപ്സി നേതാക്കൾ ഈ സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. 1931—ൽ ജർമനിയിൽ ചേർന്ന യൂറോപ്യൻ ജിപ്സികളുടെ മൂന്നാം ലോകസമ്മേളനം, ഇന്ത്യയിൽ ഉത്ഭവിച്ച ഒരു ജനവിഭാഗമാണ് ജിപ്സികൾ എന്ന് അസന്ദിഗ്ധമായി പ്രഖ്യാപിച്ചു.

'റോമനി പഠനങ്ങൾക്കുള്ള ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ട്' എന്ന ഒരു സ്ഥാപനം ചണ്ഡീഗഢിൽ പ്രവർത്തിച്ചുവരുന്നുണ്ട്. മുമ്പ് ഇന്ത്യൻ വിദേശീയ സർവീസിൽ ഒരു ഉദ്യോഗസ്ഥനായിരുന്ന ഡബ്ളിയു ആർ. ഋഷിയാണ് ഇതിൻെറ ഡയറക്ടർ. ഈ സ്ഥാപനത്തിൻെറ ആഭിമുഖ്യത്തിൽ റോമകളുടെ ഒന്നാമത്തെ അന്താരാഷ്ട്രീയ കലോത്സവം 1976—ാമാണ്ടിൽ ചണ്ഡീഗഢിൽ നടക്കുകയുണ്ടായി. ഈ കലോത്സവത്തിൽ പങ്കെടുത്ത ജിപ്സികൾ ഡൽഹിയിലെത്തി ഇന്ദിരാഗാന്ധിയെ സന്ദർശിച്ചിരുന്നു. ഏഴു വർഷങ്ങൾക്കുശേഷം അതേ ചണ്ഡീഗഢിൽവെച്ച് 'റോമനി പഠനങ്ങൾക്കുള്ള ഇന്ത്യൻ ഇൻസ്റ്റിററ്യൂട്ടി'ൻെറ ആഭിമുഖ്യത്തിൽത്തന്നെ അവരുടെ രണ്ടാമത്തെ അന്താരാഷ്ട്രീയ കലോത്സവം ഇക്കഴിഞ്ഞ ഒക്ടോബർ അവസാനം നടന്നപ്പോൾ, ഇന്ദിരാഗാന്ധി അങ്ങോട്ടു ചെന്നു റോമകളെ അഭിവാദ്യംചെയ്തു; ശതാബ്ദങ്ങളിലൂടെ, സഹസ്രാബ്ദത്തിലൂടെത്തന്നെ, നീണ്ടുകിടക്കുന്ന ക്രൂരങ്ങളായ സാമൂഹ്യമർദനങ്ങൾക്കിടയിലും സ്വന്തം സംസ്കാരവും ഭാഷയും അസ്മിത (ഐഡൻറിററി)യും രക്ഷിക്കുന്നതിൽ വിജയിച്ച റോമകളെ പ്രധാനമന്ത്രി അഭിനന്ദിച്ചു. ശരിയായ അർത്ഥത്തിൽ ഒരു 'അന്താരാഷ്ട്രീയസമൂഹം' ആയിക്കഴിഞ്ഞ റോമകൾ ലോകസമാധാനസ്ഥാപനത്തിൽ സ്തുത്യർഹമായ പങ്കു വഹിക്കുമെന്ന് പ്രധാനമന്ത്രി ആശിക്കുകയുംചെയ്തു. വളരെയധികം ജോലിത്തിരക്കുണ്ടായിട്ടും പ്രധാനമന്ത്രി ഇന്ദിരാഗാന്ധി റോമകൾക്കിടയിൽ മൂന്നു മണിക്കൂർ ചെലവഴിച്ചു. അവർക്കുവേണ്ടി ഒരുക്കിയ ഒരു വിരുന്നിൽ പ്രധാനമന്ത്രി പലർക്കും തൻെറ കൈകൊണ്ടു ഭക്ഷണം വിളമ്പിക്കൊടുത്തു. പതിനെട്ടു വിഭിന്ന രാജ്യങ്ങളിൽനിന്നു വന്നെത്തിയ

ജിപ്സികളുടെ പ്രതിനിധികളുമായി തർജമക്കാരുടെ സഹായത്തോടെ, ദീർഘനേരം സംസാരിക്കുകയുംചെയ്തു. ഇന്ദിരാഗാന്ധിയുടെ ഉദാരമായ ആതിഥ്യവും സഹോദരനിർവിശേഷമായ പെരുമാററവും ജിപ്സികളിൽ ഉളവാക്കിയ 'ആഹ്ലാദാവേശങ്ങൾ പകർത്താൻ വാക്കുകളില്ല' എന്നാണു നവംബർ 7–ലെ 'ഹിന്ദു' പത്രം എഴുതിയതു്. 'പാശ്ചാത്യലോകത്തിൽ ഏററവുമധികം കാലം മർദനങ്ങൾക്കു വിധേയരാകേണ്ടിവന്ന റോമകളോടു് ഇന്ത്യയ്ക്കുള്ള വൈകാരികബന്ധത്തിൻെറ പ്രകടനം' ആയിരുന്നു ഇന്ദിരാഗാന്ധിയുടെ പെരുമാററമെന്നു്, കഥക്—ഭരത—നാട്യ നൃത്തങ്ങളിൽ വിദഗ്ധയായ സ്വീഡിഷ് ജിപ്സി മിസ്സിസ് മുറിയ കൽകിയാനൻ പിന്നീടു പ്രസ്താവിച്ചു. ഈ വിരുന്നിൽ പങ്കെടുക്കവേ, ലോക റോമനി യൂണിയൻെറ പ്രസിഡണ്ട് ആയ, യുഗോസ്ലാവിയയിലെ മിസ്റ്റർ സെയ്ററ് ബാലിക് സന്തോഷംകൊണ്ടു കരഞ്ഞുപോയി! മാതൃഭൂമിയുമായുള്ള ബന്ധം ദൃഢതരമാക്കുന്നതിനും, സ്വന്തം ചരിത്രം, സംസ്കാരം, സംസ്കൃതഭാഷ എന്നിവ സംബന്ധിച്ച അറിവു് വർധിപ്പിക്കുന്നതിനുമായി തങ്ങളുടെ കുട്ടികളെ ഇന്ത്യയിൽ അയച്ചു പഠിപ്പിക്കുവാൻ റോമകൾ ആഗ്രഹിക്കുന്നു എന്നു മിസ്റ്റർ ബാലിക് പറഞ്ഞു. യൂറോപ്പിൽ റോമകൾ ഇപ്പോഴും അനുഭവിക്കുന്ന സാമൂഹ്യമർദനങ്ങളെപ്പററിയാണു പടിഞ്ഞാറൻ ജർമനിയിൽനിന്നു വന്ന മിസ്റ്റർ റോമിനി റോസയ്ക്കു പറയാനുണ്ടായിരുന്നതു്. കിഴക്കേ യൂറോപ്പിലെ രാജ്യങ്ങളിൽ പരസ്യമായും പടിഞ്ഞാറേ യൂറോപ്പിലെ രാജ്യങ്ങളിൽ ഒട്ടൊക്കെ മറച്ചുപിടിച്ചും അവരോടു വിവേചനം കാട്ടുന്നു. മററു ജനവിഭാഗങ്ങളോടു സമത്വം അവർക്കു നിയമപ്രകാരം ഉണ്ടെങ്കിലും, ജനങ്ങൾ, പ്രത്യേകിച്ചു പോലീസുകാർ, അവരോടു ക്രൂരമായി പെരുമാറുന്നു. ദരിദ്രരാകയാൽ റോമകൾ ഇതെല്ലാം സഹിക്കേണ്ടിയുംവരുന്നു.

ശതാബ്ദങ്ങളിലൂടെ അലഞ്ഞുനടക്കുന്നതിനിടയ്ക്കു റോമകൾ ഇസ്ലാമിലേക്കും ക്രിസ്തുമതത്തിലേക്കും പരിവർത്തിപ്പിക്കപ്പെടുകയുണ്ടായി എന്നു പറഞ്ഞുവല്ലോ. എന്നാലും, അവർ ഇന്ത്യൻ സംസ്കാരം ഉപേക്ഷിച്ചിട്ടില്ലെന്നും, ഈ സംസ്കാരത്തെ ഇപ്പോഴും തങ്ങളുടെ അമൂല്യസമ്പത്തായി പരിഗണിക്കുന്നുണ്ടെന്നും യുഗോസ്ലാവിയയിലെ റോമനി യൂണിയൻെറ ജനറൽ സെക്രട്ടറി മിസ്റ്റർ ജൂറിക് പറഞ്ഞു. മി. ജൂറിക്കിൻെറ മാതാപിതാക്കൾ യാഥാസ്ഥിതിക മുസ്ലിങ്ങളാണു്. എങ്കിലും അവർ കാളിയെയും ദുർഗയെയും ആരാധിക്കുന്നു. ചണ്ഡീഗഢ് സമ്മേളനത്തിൽ പങ്കെടുത്ത റോമകളിൽ പലരും ഇന്ത്യയിൽനിന്നു സ്വന്തം നാടുകളിലേക്കു വാങ്ങിക്കൊണ്ടു പോയതു് ഭാരതീയ ദേവന്മാരുടെയും ദേവികളുടെയും ചിത്രങ്ങളാണു്!

ജിപ്സികൾക്കിടയിൽ ലോകപ്രസിദ്ധരായ പല ഗായകരും നർത്തകരുമുണ്ടു്. യുഗോസ്ലാവിയക്കാരി എസ്മയും നോർവേക്കാരി റൂയയും പേരെടുത്ത ജിപ്സി നർത്തകികൾ ആണു്. മോസ്കോവിലെ റോമനി തിയേററർ, സ്വീഡനിലെ 'ബ്ളാക്ക്പിയേഴ്സ്', സ്പെയിനിലെ 'കാലേഫ്ളാമെൻ കോ ട്രൂപ്പ്' മുതലായവ വിഖ്യാതങ്ങളായ ജിപ്സി കലാസമിതികളത്രേ. പാശ്ചാത്യരുടെ സംഗീതത്തിനും നൃത്തത്തിനും ജിപ്സികൾ നൽകിപ്പോന്ന സംഭാവനകൾ കുറച്ചൊന്നുമല്ല. ചണ്ഡീഗഢ് സമ്മേളനത്തിനുശേഷം ജിപ്സി കലാകാരന്മാർ ഡൽഹിയിലും ചില കലാപ്രകടനങ്ങൾ നടത്തി.

ഇന്ത്യയിൽ താമസിച്ചു പഠിക്കുന്നതിനു് ഏതാനും ജിപ്സി വിദ്യാർത്ഥികൾക്കു സ്കോളർഷിപ്പുകൾ നൽകാമെന്നു 'സാംസ്കാരിക ബന്ധങ്ങൾക്കുള്ള ഇന്ത്യൻ കൗൺസിൽ' എന്ന ഔദ്യോഗികസംഘടന പ്രഖ്യാപിച്ചിട്ടുണ്ടു്. സംഗീതം, നൃത്തം മുതലായ കലകളും സംസ്കൃത

ഭാഷയും പഠിക്കാനും, ഇന്ത്യയും റോമകളും തമ്മിലുള്ള സാംസ്കാരിക ബന്ധങ്ങളെപ്പററി ഗവേഷണം നടത്താനും ആണ്, പ്രധാനമായും, ഈ സ്കോളർഷിപ്പുകരം നൽകുക. ഇന്ത്യ സന്ദർശിക്കുന്ന ജിപ്സി കലാസമിതികരംക്കു താമസച്ചെലവും യാത്രച്ചെലവും നൽകാമെന്ന നിർദേശവും ഉണ്ടായിട്ടുണ്ട്. ഈ ആവശ്യങ്ങരംക്കായി ഇന്ത്യാഗവണ്മെൻറാ, സ്വകാര്യസ്ഥാപനങ്ങളോ ആവിഷ്കരിക്കുന്ന പരിപാടികരംക്കു ലോക റോമനി യൂണിയൻ സർവസഹായങ്ങളും വാഗ്ദാനംചെയ്തിട്ടുമുണ്ട്.

'ഒക്ടോബർ മാസത്തിൻെറ ഉത്തരാർദ്ധത്തിൽ പഞ്ചാബിലെ വായുമണ്ഡലത്തിലാകെ റോമകളുടെ സൗരഭ്യം നിറഞ്ഞുനിന്നു' എന്നു നവംബർ 7—ാം തീയതി പ്രസിദ്ധപ്പെടുത്തിയ ഒരു റിപ്പോർട്ടിൽ 'ഹിന്ദു' പത്രം പ്രസ്താവിച്ചിരുന്നു. ഉവ്വോ? നിസ്സാര പ്രശ്നങ്ങളെച്ചൊല്ലി അന്യോന്യം കടിച്ചു കീറുകയും മാന്തിപ്പൊളിക്കുകയുംചെയ്യുന്ന പഞ്ചാബികരം—അകാലികളും, ഹിന്ദുക്കളും—റോമകളുടെ സൗരഭ്യം, അവരുടെ സാംസ്കാരതൃഷ്ണയും അവരുടെ സംഗീതനൃത്തങ്ങളിൽ മുഴങ്ങിക്കേട്ട ഐക്യസന്ദേശവും ഉരംക്കൊള്ളുകയുണ്ടായോ?

ഈ ചോദ്യത്തിനു് 'ഇല്ല' എന്ന ഒററ വാക്കിൽ ഉത്തരം കുറിക്കേണ്ടിവന്നതിൽ എനിക്കു ഖേദമുണ്ട്.

(8 നവംബർ, 1983)

# 69. മാതൃഭാഷയിലേക്കു വീണ്ടും

വടക്കേ അമേരിക്കയിൽ, ന്യൂയോക്ക് സ്റ്റേററ് എന്ന പേരിൽ ഇന്നു് അറിയപ്പെടുന്ന ഭൂവിഭാഗത്തിൽ പതിനേഴാം നൂററാണ്ടിൽ എത്തിയ യൂറോപ്യന്മാർ ഇറോക്വോയ് (Iroquois) എന്ന പൊതുപ്പേരിൽ വിളിക്കപ്പെട്ടിരുന്ന ആറു ഗോത്രങ്ങളുടെ ഒരു സഖ്യം അവിടം വാണിരുന്നതായി കാണുകയുണ്ടായി; മൊഹാക്, ഓനൈഡ, ഓനോൻഡാഗ, കായുഗ, സെനെക, ടസ്കരോര എന്നിവയായിരുന്നു ഗോത്രങ്ങളുടെ പ്രത്യേക നാമങ്ങരം. ഇക്കഴിഞ്ഞ മൂന്നു നൂററാണ്ടുകളിൽ യുറോപ്യൻ കുടിയേറിപ്പാർപ്പുകാരിൽനിന്നുണ്ടായ അക്രമങ്ങളും സമ്മർദങ്ങളും നിമിത്തം ഈ ഗോത്രങ്ങളുടെ ജനസംഖ്യ വളരെ ക്ഷയിച്ചിട്ടുണ്ട്. അവരിൽ ഇന്നു് അവശേഷിച്ചിട്ടുള്ളവരധികവും പാർക്കുന്നതു് അമേരിന്ത്യൻ ഗോത്രങ്ങരംക്കു നീക്കിവച്ചിട്ടുള്ള 'റിസർവു'കളിൽ ആണ്. ക്രിസ്തുമതത്തിലേക്കു പരിവർത്തനംചെയ്യപ്പെട്ട ഇവർ പാശ്ചാത്യസംസ്കാരവും പാശ്ചാത്യജീവിതരീതിയും ഏറെക്കുറെ പൂർണമായിത്തന്നെ ഉരംക്കൊണ്ടുകഴിഞ്ഞിരിക്കുന്നു.

ഈ ഗോത്രങ്ങളിൽ, മൊഹാക്കുക(Mohawks)ളോടാണു പാശ്ചാത്യർ ആദ്യമായി പരിചയപ്പെട്ടതു്. പാശ്ചാത്യരുമായി പ്രഥമസമ്പർക്കം ഉണ്ടായ കാലത്തു വേട്ടക്കാരും പടയാളികളുമായിരുന്നു മൊഹാക്കുകരം. ഭരണം പാശ്ചാത്യരുടെ കൈകളിലാവുകയും വനഭൂമികരം നഷ്ടപ്പെടുകയുംചെയ്തതോടെ ഇവർക്കു മററു ജീവിതപ്രവൃത്തികരം അവലംബിക്കേണ്ടിവന്നു. ക്രമേണ ഇവർ രോമത്തോൽ ശേഖരിക്കുന്നവരും മരംവെട്ടുകാരുമായി. 1886—ൽ സെയിൻറ് ലോറൻസ് നദിയിൽ കെട്ടിയ ഒരു പാലത്തിൻെറ ഒരററം എത്തിനിന്നതു് ഇവർ പാർക്കുന്ന കൗഘ്‌വാഗറിസർവിൽ ആയിരുന്നു. ഈ പാലം നിർമ്മിക്കുന്നതു കണ്ടു മൊഹാക്കുകരം ഇരുമ്പുപണിയിൽ തല്പരരായി. ക്രമേണ ഇരുമ്പുപയോഗിച്ചു പാലങ്ങളും ബഹുനിലക്കെട്ടിടങ്ങളും പണിയുന്നതിൽ മൊഹാക്കുകരം വിദഗ്ധരാ